രക്ഷയുടെ പാതയിൽ-൬



6

# ഈശോയെ അനുഭവിച്ച ജനം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

പാഠം 12

# എന്റെ കർത്താവേ, എന്റെ ദൈവമേ



# നിങ്ങൾക്കു സമാധാനം! (യോഹ 20:19-22)



# തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം

- ഈശോ പ്രത്യക്ഷപ്പെട്ട സമയത്ത് തോമ്മാശ്ലീഹാ അവരുടെ കൂടെയില്ലായിരുന്നു. അതുകൊണ്ട് മറ്റ് ശിഷ്യന്മാർ അവനോടു പറഞ്ഞു. ഞങ്ങൾ കർത്താവിനെ കണ്ടു. എന്നാൽ അവൻ പറഞ്ഞു. "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്താലല്ലാതെ ഞാൻ വിശ്വസിക്കുകയില്ല. മറ്റു ശിഷ്യന്മാർക്കുണ്ടായ ഉത്ഥാനാനുഭവം തനിക്കു ലഭിക്കാതെപോയതിന്റെ വേദനയും, അതു കിട്ടിയേ മതിയാകൂ എന്ന വാശിയും കൂടിച്ചേർന്ന ഒരു പ്രതികരണമായിരുന്നു അത്.



## “എന്റെ കർത്താവേ, എന്റെ ദൈവമേ”

- ഈശോ അവനോടു പറഞ്ഞു. “നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ”
- ദൈവിക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരമാണ് വിശ്വാസം. ഈശോ കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും അധരം കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നത് വിശ്വാസത്തിന്റെ പ്രകടനമാണ്.



# മിശിഹാനുഭവം

- ഗുരുവിനോടൊത്തുവസിച്ച് ഗുരുവിനെ മനസ്സിലാക്കി ഗുരുസ്നേഹം അനുഭവിക്കുന്നവനാണ് ശിഷ്യൻ.
- ഈശോയൊടുകൂടെ ആയിരുന്ന് ഈശോയെ അനുഭവിച്ചറിഞ്ഞ വർക്കേ അവിടുത്തെ പ്രഘോഷിക്കാൻ സാധിക്കുകയുള്ളൂ.
- “ഞങ്ങൾ കേട്ടതും, സ്വന്തം കണ്ണുകൊു കതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു.
- “യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽ നിന്ന് ഉന്നതങ്ങളിലേയ്ക്ക് സംവഹിക്കപ്പെട്ട നാൾവരെ ഈശോ നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും നമ്മുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ”.



# സമാധാനാശംസ

- ഉത്ഥിതനായ ഈശോ പ്രത്യക്ഷപ്പെട്ട അവസരങ്ങളിലെല്ലാം നൽകിയ ആശംസ "നിങ്ങൾക്കു സമാധാനം" എന്നതായിരുന്നു. വി.കുർബ്ബാനയിൽ പല പ്രാവശ്യം കാർമ്മികൻ ഈ ആശംസ സമൂഹത്തിനു നൽകുന്നു. "സമാധാനം നിങ്ങളോടുകൂടെ" എന്നു കാർമ്മികൻ ആശംസിക്കുമ്പോൾ "അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ" എന്നു സമൂഹം പ്രത്യുത്തരിക്കുന്നു. സമാധാനപരമായ ഈശോ നമ്മുടെകൂടെ ഉണ്ടാകട്ടെ എന്നാണ് ഈ ആശംസ സൂചിപ്പിക്കുന്നത്.



# നമുക്കു പ്രാർത്ഥിക്കാം

കർത്താവായ ഈശോയെ, ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ മാതൃകയനുസരിച്ച് നിന്നോടുകൂടി മരിക്കുവാൻ സന്നദ്ധരായ അനേകം മിഷനറിമാരെ ഭാരതത്തിനു നല്കണമേ.

# നമുക്കു പാടാം



നാഥനോടൊപ്പം പോയിമരിക്കാം
എന്നതിധീരം ചൊല്ലിയതാതൻ
തോമാശ്ലീഹാ ഭാരതഭൂവിൽ
ശൂലത്താൽ മൃതിവശഗതനായി
താതാ,താവക പ്രാർത്ഥനതണലായ്
തീർത്തീടണമേ ഞങ്ങൾക്കെന്നും.

# ദൈവവചനം വായിക്കാം

# വിവരിക്കാം

(യോഹ. 20:19-29)



# വഴികാട്ടാൻ ഒരു തിരുവചനം

“നീയെന്നെ കതുകൊു വിശ്വസിച്ചു, കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ” (യോഹ.20:29).

# എന്റെ തീരുമാനം

"എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന പ്രഖ്യാപനം ഞാൻ കൂടെക്കൂടെ ആവർത്തിച്ചു ചൊല്ലും.

Thank you